ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധർമ്മടം നിയോജക മണ്ഡലത്തിൽ കൃഷിവകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

നെൽകൃഷി ലാഭകരമാക്കൽ

203 (1676) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി ലാഭകരമല്ലാതായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കർഷകരെ പ്രസ്തുത മേഖലയിൽത്തന്നെ നിലനിർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ; വിശദവിവരം നൽകുമോ ;

(ബി) പ്രസ്തുത സാഹചര്യത്തിൽ കർഷകർക്ക് നൽകിവരുന്ന ഉല്പാദന ബോണസ് ഇരട്ടിയായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നെൽകർഷകരെ നെൽകൃഷി മേഖലയിൽ നിലനിർത്തുന്നതിനും, സഹായിക്കുന്നതിനുമായി 2015-16 വർഷം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു :

- സുസ്ഥിര നെൽകൃഷി വികസനം: നെൽകൃഷി കൂടുതൽ ലാഭകര മാക്കുന്നതിനും ഉല്പാദനചെലവ് ഗണ്യമായി കുറയ്ക്കുന്നതിനുമായി 2015-16 വർഷം 2700 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിലും 8100 ലക്ഷം രൂപ ആർ.കെ.വി.വൈ. ഫണ്ടിലും ഉൾപ്പെടുത്തി ആകെ 10,800 ലക്ഷം രൂപ സബ്സിഡി നൽകി 180000 ഹെക്ടറിൽ (ഒരു ഹെക്ടറിന് 6,000 രൂപ സബ്സിഡി നിരക്കിൽ) പദ്ധതി നടപ്പിലാക്കിവരുന്നു.
- വികസന ഏജൻസികൾക്കുള്ള ഫണ്ട് : നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്ക് ആകെ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

- പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം : ആകെ 6 ജില്ലകളിലായി പൊക്കാളി, ഞവര, ബസുതി, ജീരകശാല, ഗന്ധകശാല എന്നിവ കൃഷിചെയ്യുന്നതിനായി ഹെക്ടറിന് 10,000 രൂപ സബ്സിഡി നൽകി 1000 ഹെക്ടർ സ്ഥലത്ത് 100 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു.

- പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം : ഗ്രൂപ്പ് ഫാമിംഗ് പാടശേഖരങ്ങളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 200 രൂപ നിരക്കിൽ നൽകിവരുന്നുണ്ട്. ഈ ഇനത്തിൽ 332 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- തരിശുനില നെൽകൃഷി വികസനം (ആർ.കെ.വി.വൈ.): തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിനായി 2000 ഹെക്ടർ സ്ഥലത്തേയ്ക്ക് ഹെക്ടറിന് 7,500 രൂപ സബ്സിഡി നിരക്കിൽ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

- ആർ.കെ.വി.വൈ. പൊക്കാളി നെൽകൃഷി വികസന പദ്ധതി: 89.248 ഹെക്ടർ പൊക്കാളി നെൽകൃഷി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്നതിനായി 8.9248 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

- നെൽകർഷകർക്ക് ഹെക്ടറിന് 1000 രൂപ തോതിൽ ഉല്പാദന ബോണസ് നൽകുന്നതിനായി 1243.44 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) ഉല്പാദന ബോണസ് 350 രൂപയിൽനിന്ന് ഹെക്ടറിന് 1,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

നീലേശ്വരം മുനിസിപ്പാലിറ്റി ബസ് സ്റ്റാൻഡ് നിർമ്മാണത്തിന് സ്ഥലം

204 (1677) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ അധീനതയിലുള്ള നീലേശ്വരം കരുവാശ്ശേരിയിലെ സ്ഥലം നീലേശ്വരം മുനിസിപ്പാലിറ്റിക്ക് ബസ്സ്റ്റാന്റ് നിർമ്മിക്കുന്നതിന് വിട്ടുകൊടുക്കുന്നതിന് മന്ത്രിസഭായോഗ തീരുമാനമുണ്ടായിട്ടും കാർഷിക യൂണിവേഴ്സിറ്റി അധികൃതർ സ്ഥലം അളന്ന് നൽകാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സ്ഥലം ലഭ്യമാക്കാൻ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?